ഇ. എം(2) 8254/2018

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 13.03.2018.

**സർക്കുലർ നമ്പർ 16/2018**

വിഷയം:– സഹകരണ വകുപ്പ്– പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിലെ–ക്ലാർക്ക് തസ്തികകളിലെ നിയമനങ്ങളിലെ 1:4 അനുപാതം ഉറപ്പുവരുത്തുന്നത്–മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്

സൂചന:– സർക്കാരിന്റെ 25.11.14 ലെ ജി.ഒ (പി) നമ്പർ 142/14/സഹ. നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ ക്ലാർക്ക് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത് സ്ഥാനക്കയറ്റം മുഖേനയും, നേരിട്ടുള്ള നിയമനം മുഖേനയും 1:4 എന്ന അനുപാതത്തിലായിരിക്കണമെന്ന് 1969 ലെ കേരള സഹകരണ നിയമം ചട്ടം 185 (10) ൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജോയിന്റ് രജിസ്ട്രാർ/രജിസ്ട്രാർ അംഗീകരിച്ച പോഷകവിഭാഗ ഉപനിബന്ധന ബാധകമായിട്ടുള്ള സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ സബ്സ്റ്റാഫ് വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗക്കയറ്റം ലഭിക്കേണ്ടതായ ജീവനക്കാർക്ക് സൂചന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച തീയതിമുതൽ 3 വർഷത്തേക്ക് മേൽ നിബന്ധന ബാധകമായിരിക്കില്ല എന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ചട്ടത്തിലെ 3 വർഷ കാലാവധി 24/11/2017 ൽ അവസാനിച്ച സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക കാർഷിഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ ക്ലാർക്ക് തസ്തികകൾ 25/11/2017 മുതൽ 1969 ലെ സഹകരണ സംഘം ചട്ടം 185(10) ലെ വ്യവസ്ഥ പ്രകാരം സ്ഥാനക്കയറ്റം മുഖേനയും, നേരിട്ടുള്ള നിയമനം മുഖേനയും 1:4 എന്ന അനുപാതത്തിലായിരിക്കണം നികത്തേണ്ടതെന്ന് കർശനമായി നിർദ്ദേശിക്കുന്നു. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാരും മേൽ നിർദ്ദേശം സംഘങ്ങൾ/ബാങ്കുകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്,
ഡോ. ഡി. സജിത്ത് ബാബു. ഐ. എ. എസ്സ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
2. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും.
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ. എം)